**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2360** **12-02-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിൽ മുൻഗണനാ റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നവകേരള സദസ്സിന്റെ ഭാഗമായി റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിലും എ.എ.വൈ വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | നവകേരള സദസ്സിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള 426 അപേക്ഷകളും എ.എ.വൈ വിഭാഗത്തിൽ ഉൾപ്പെടുന്നതിനുള്ള 36 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |
| (ബി) | നവകേരള സദസ്സിന്റെ ഭാഗമായി റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിലും എ.എ.വൈ വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായി കൊട്ടാരക്കര താലൂക്ക് സപ്ലൈ ആഫീസിന്റെ പരിധിയിൽ ഉൾപ്പെട്ടതും ചാത്തന്നൂർ മണ്ഡലത്തിന്റെ ഭാഗവുമായ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു എന്ന് അറിയിക്കാമോ; | (ബി) | പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും അപേക്ഷകളൊന്നും തന്നെ ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ നിന്നും എ.എ.വൈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 36 അപേക്ഷകളിൽ അർഹരായ 23 കുടുംബങ്ങൾക്ക് എ.എ.വൈ കാർഡും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള 426 അപേക്ഷകളിൽ അർഹരായ 279 കുടുംബങ്ങൾക്ക് മുൻഗണനാ കാർഡും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ